വീണ്ടെടുക്കപ്പെട്ട കൂട്ടമേ വേഗമുണർന്നു
രക്ഷകന്റെ വേല ചെയ്യുവിൻ
അന്ത്യകാലം വന്നടുത്തേ പെന്തക്കോസ്തിൻ ജ്വാലയാലെ –2
ചന്തമോടെ വേല ചെയ്താൽ സ്വന്തനാട്ടിൽ പോയിടാമെ
വീണ്ടെടു...

അബ്രഹാം യിസഹാക്ക് യാക്കോബ് എന്നീ
വിശുദ്ധർ എത്രനാളായ് പാർത്തലം വിട്ടു
കാത്തു കാത്തു നിന്നീടുന്നു സോദരാ നീ ഓർത്തീടുക –2
പൂർത്തിയായ് നിൻ വേല തീർത്തു
പാർത്തലം വെടിഞ്ഞു പോകാം
വീണ്ടെടു..

ഉന്നത വിളിക്കു യോഗ്യരെ വിളിച്ചവന്റെ
സന്നിധിയിൽ നിന്നുമാറല്ലേ
മന്നിടത്തിൽ നിന്നെയോർത്തു ഉന്നതം വെടിഞ്ഞു വന്ന –2
നന്ദനന്റെ വന്ദ്യപാദം എന്നുമൊന്നായ് വന്ദിച്ചീടാം
വീണ്ടെടു...

ഈ ലോകരാജ്യം അസ്തമിക്കാറായ്
മേലോകരാജ്യം വേഗമിതാ ആഗമിക്കാറായ്
പാപമില്ലാ പരിശുദ്ധാൻ പാരിടത്തിൽ വന്നു തന്റെ –2
പാവനമായ് ജീവിക്കുന്ന പാവനരെ ചേർത്തീടുമെ
വീണ്ടെടു...

ഇനി അല്പകാലം മാത്രമേയുള്ളു നാം
എത്രവേഗം കൃത്യമായി വേല ചെയ്തീടാം
എത്രനാൾ ലഭിച്ചീടുമോ അത്രനാളും രക്ഷകന്റെ –2
പുത്രത്വത്തിൻ ആത്മാവാലെ
ശക്തിയായ് തൻ വേലതീർക്കാം
വീണ്ടെടു...